## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 841

11/07/2016 - ൽ മറുപടിയ്ക്ക്

### ഏകാധ്യാപക വിദ്യാലയങ്ങളിലെ അധ്യാപകരുടെ ശമ്പളം

| ചോദ്യം<br>ശ്രീ. പി.ടി. തോമസ് | | ഉത്തരം<br>പ്രൊ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ ഏകാധ്യാപക വിദ്യാലയങ്ങളിലെ അധ്യാപകരുടെ ശമ്പളം 5000/- രൂപയിൽ നിന്നും 10,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (എ) | ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അധ്യാപകരുടെ ശമ്പളം 10000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.) |
| (ബി) | ഏകാധ്യാപക വിദ്യാലയങ്ങളിലെ അധ്യാപകരുടെ പുതുക്കിയ ശമ്പളം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പുതുക്കിയ ശമ്പളം നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ? | (ബി) | പുതുക്കിയ ശമ്പളം നൽകിയിട്ടില്ല. 2016-17 വർഷത്തെ ഫണ്ട് അലോട്ട് ചെയ്ത് ലഭിച്ചിട്ടില്ല. |
| (സി) | പുതുക്കിയ ശമ്പളം എന്ന് മുതൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; മുൻകാല പ്രാബല്യത്തോടെ ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാ വോളന്റിയർമാരുടെ പ്രതിമാസ ശമ്പളം 10,000/- രൂപയായി വർദ്ധിപ്പിച്ചത് 03/03/2016-ാം തീയതി മുതലാണ്. ആ തീയതി മുതൽ ശമ്പളത്തിന് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ

PS
5/2/16

e 476906/Fin
4/3/2016

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് – ഏകാധ്യാപക വിദ്യാലയത്തിലെ (ആൾട്ടർനേറ്റീവ് സ്കൂൾ) എഡ്യൂക്കേഷണൽ വോളന്റിയർമാരുടെ ദിവസവേതനം ഏകീകൃത വേതനമാക്കി (സഞ്ചിത വേതനം) ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം. 954/2016/പൊ.വി.വ.

തീയതി, തിരുവനന്തപുരം, 03/03/2016.

---

പരാമർശം :- 1. സർക്കാർ ഉത്തരവ് (സാധാ) നം.214/2016/പൊ.വി.വ, തീയതി 19.01.2016.

2. ആൾട്ടർനേറ്റീവ് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ സെക്രട്ടറി സമർപ്പിച്ച 29.12.2015 തീയതിയിലെ നിവേദനം.

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.02.2016 തീയതിയിലെ എൻ.ഇ.പി(1)/65432/15/ ഡി.പി.ഐ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ (എം.ജി.എൽ.സി) എഡ്യൂക്കേഷണൽ വോളന്റിയർമാരുടെ പ്രതിദിന വേതനം 500/- രൂപയായി വർദ്ധിപ്പിച്ച് നൽകുകയുണ്ടായി. എന്നാൽ പ്രതിദിന വേതനം 500/- രൂപ എന്നത് സഞ്ചിത വേതനമായി പ്രതിമാസം 15000/- രൂപയായി വർദ്ധിപ്പിച്ച് നൽകണമെന്ന് പരാമർശം (2) പ്രകാരം ആൾട്ടർനേറ്റീവ് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ സെക്രട്ടറി സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ (എം.ജി.എൽ.സി) എഡ്യൂക്കേഷണൽ വോളന്റിയർമാരുടെ പ്രതിമാസ വേതനം 10000/- രൂപയായി സഞ്ചിത വേതനമായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ. എൽ. റ്റി.**

അണ്ടർ സെക്രട്ടറി

പകർപ്പ് - പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ആൾട്ടർനേറ്റീവ് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ, സംസ്ഥാന കമ്മിറ്റി, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ& ഇ) കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (03.03.2016 തീയതിയിലെ നം.15742/എഡ്യൂ.എ 2/16/ധന. അനൗദ്യോഗിക കുറിപ്പ് പ്രകാരം)

വിവര പൊതു ജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

സെക്ഷൻ ഓഫീസർ